Rediffusion/Edelman



| | | | |
|---|---|---|---|
| Published Date: | 23 Sep 2017 | Publication: | Metro Vaartha |
| Edition: | Kochi | Page No: | 12 |



# ടിസിഎസ് വിസ് 2017 ഒക്റ്റോബർ 10ന്

കൊച്ചി: സ്കൂളുകൾക്കായുള്ള ഇന്ത്യയിലെ ഏറ്റവും വലിയ ടെക് ക്വിസ് ആയ ടിസിഎസ് ഐടി വിസ് 2017ന്റെ കൊച്ചി എഡിഷൻ ഒക്റ്റോബർ 10ന് കൊച്ചിയിലെ കലൂർ ഗോകുലം പാർക്ക് ഹോട്ടൽ ആൻഡ് കൺവെൻഷൻ സെന്ററിൽ നടക്കും. മുൻനിര ഐടി സേവന കൺസൾട്ടിങ് സ്ഥാപനമായ ടാറ്റാ കൺസൾട്ടൻസി സർവീസസാണ് ക്വിസ് സംഘടിപ്പിക്കുന്നത്.

എട്ടു മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് ഇതിൽ പങ്കെടുക്കാം. ഓരോ സ്കൂളിനും രണ്ടു പേർ വീതമുള്ള എട്ടു ടീമുകളെ വീതം അയയ്ക്കാം. പ്രവേശനം സൗജന്യമാണ്.

അഹമ്മദാബാദ്, ബംഗളൂരു, ഭുവനേശ്വർ, ചെന്നൈ, ഡൽഹി, ഹൈദരാബാദ്, ഇൻഡോർ, കൊച്ചി, കോൽക്കത്ത, മുംബൈ, നാഗ്പൂർ, പൂനെ എന്നീ 12 കേന്ദ്രങ്ങളിലാണ് ടിസിഎസ് ഐടി വിസ് 2017 നടത്തുക.